# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6580      01/11/2011-ൽ മറുപടിയ്ക്ക്

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന മരുന്ന്

ചോദ്യം      മറുപടി

ശ്രീ. കെ. വി. വിജയദാസ്:      ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന എത്ര രൂപയ്ക്ക് മരുന്ന് വാങ്ങി എന്ന വിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 45.37 കോടി രൂപ (ജൂൺ മുതൽ സെപ്തംബർ വരെ) യുടെ മരുന്ന് വാങ്ങി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയല്ലാതെ മരുന്ന് വാങ്ങിയിട്ടുണ്ടോ; | (ബി) & (സി) | ലോക്കൽ പർച്ചേസ് വഴി അത്യാവശ്യഘട്ടങ്ങളിൽ വാങ്ങിയിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്കും, ആർ. എസ്. ബി. വൈ സ്കീമിൽ ഉൾപ്പെട്ട രോഗികൾ, താലോലം, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന വിഭാഗത്തിൽപ്പെട്ട രോഗികൾക്കും മരുന്നുകൾ വാങ്ങി അടിയന്തിരഘട്ടങ്ങളിൽ വിതരണം ചെയ്യാറുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ